പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :2504 — 05.11. 2019 ൽ മറുപടിക്ക്

## വൈദ്യുതബോർഡിനെ ലാഭത്തിൽ ആക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.എൻ.എ.ഖാദർ<br>" എം.ഉമ്മർ<br>ഡോ.എം.കെ.മുനീർ | ശ്രീ.എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) നടപ്പുസാമ്പത്തിക വർഷം വൈദ്യുതബോർഡിനെ ലാഭത്തിൽ ആക്കുന്നതിന് കഴിയുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ;<br><br>(ബി) ബോർഡിനെ ലാഭത്തിലാക്കാൻ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (എ) കർശനമായ സാമ്പത്തിക അച്ചടക്കം പാലിച്ചതു നിമിത്തം കഴിഞ്ഞ ഏതാനും സാമ്പത്തിക വർഷങ്ങളായി ബോർഡിന്റെ റവന്യൂകമ്മിയിൽ ഗണ്യമായ കുറവു വരുത്താൻ കഴിഞ്ഞിട്ടുണ്ട്. ഈ സ്ഥിതി തുടരുകയാണെങ്കിൽ അടുത്ത ഏതാനും സാമ്പത്തികവർഷങ്ങൾക്കുള്ളിൽ ബോർഡ് ലാഭത്തിലാകുമെന്ന് പ്രതീക്ഷിക്കുന്നു.<br>(ബി) കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിൽ നഷ്ടം കുറയ്ക്കുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>(i) മുൻകാലങ്ങളിലെന്നപോലെ ഉയർന്ന നിരക്കിലുള്ള വായ്പകൾ തിരിച്ചടച്ച് കുറഞ്ഞ പലിശയുള്ള വായ്പകളാക്കി മാറ്റുന്നുണ്ട്.<br>(ii) 'DDUGJY' പദ്ധതിക്കായുള്ള കേന്ദ്രസർക്കാരിന്റെ ഗ്രാന്റ് ലഭിക്കുന്നതുവരെ സ്വന്തം ഫണ്ട് ഉപയോഗിച്ച് പ്രസ്തുതപദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചതു നിമിത്തം പദ്ധതിസമയബന്ധിതമായി നടപ്പിലാക്കാൻ കഴിയുന്നതിലൂടെ ഗ്രാന്റ് ഭാഗം ലോണായി മാറ്റപ്പെടുന്നതിനുള്ള സാധ്യത ഒഴിവാക്കപ്പെടുന്നതാണ്.<br>(iii) കേന്ദ്രസർക്കാർ പ്രഖ്യാപിച്ച 'ഉദയ്' പദ്ധതിയുടെ പ്രവർത്തനമികവ് വർദ്ധിപ്പിക്കുന്ന ഭാഗത്തിൽ പങ്കാളിയായതിലൂടെ AT & C – Loss ഉം നഷ്ടവും കുറയ്ക്കുവാൻ കഴിയുന്നതാണ്.<br>(iv) മിതമായനിരക്കിൽഹ്രസ്വദീർഘകാലാടിസ്ഥാനത്തിലുള്ള കരാറുകൾ വഴി വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും, പ്രവർത്തനമികവ് മെച്ചപ്പെടുത്തുകയും ചെയ്യുന്നതിലൂടെ ബോർഡിന്റെ ബാധ്യതകൾ കുറവ് വരുത്തുവാൻ ശ്രമിക്കുന്നുണ്ട്.<br>(v) ചെലവുകൾ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ബഡ്ജറ്ററി കൺട്രോൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കി. |

സെക്ഷൻ ഓഫീസർ